പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 659 — 2.11.2016 -ൽ മറുപടിയ്ക്ക്

## ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി നൂതന പദ്ധതി

| ചോദ്യം<br>ശ്രീ.വി. ജോയി<br>ശ്രീ.എം.എം. മണി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എ. എൻ. ഷംസീർ : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി നൂതന പ്രചാരണ പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. ഇതിനായി മുൻ വർഷങ്ങളിൽ നടത്തിയിരുന്ന പദ്ധതികൾ, സോഷ്യൽ മീഡിയകൾ ഉപയോഗപ്പെടുത്തിയുള്ള പ്രചരണ പരിപാടികൾ ഉൾപ്പെടെ തുടർന്നു വരുന്നു.<br>കേരളത്തെ ഒരു ഹണിമൂൺ ഡെസ്റ്റിനേഷനാക്കി പരിചയപ്പെടുത്തുവാനുതകുന്ന സോഷ്യൽ മീഡിയ പ്രചരണ പരിപാടികൾ, മൊബൈൽ ആപ്പുകൾ വഴി കേരള ടൂറിസത്തിന്റെ വെബ്സൈറ്റിന്റെ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള പദ്ധതി, കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ഡെസ്റ്റിനേഷനുകളുടെ 360° വീഡിയോ ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പദ്ധതി, 'ഡിവൈൻ തിയേറ്റർ' എന്ന പേരിൽ ഓൺലൈൻ ഫിലിം നിർമ്മാതാക്കൾക്ക് കേരളത്തെക്കുറിച്ച് ഫിലിം നിർമ്മിക്കുന്നതിനും മറ്റുമായുള്ള ഒരു പ്രചരണ പദ്ധതി, യു.എസ്.എ, ബ്രിട്ടൻ, ജർമ്മനി, ഫ്രാൻസ്, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിലുള്ളവർക്ക് മാത്രമായി 'വാർ ഓഫ് കപ്പിൾസ്' എന്ന ഒരു സോഷ്യൽ |

| | | | |
|---|---|---|---|
| | | | മീഡിയ പ്രചരണ പരിപാടി എന്നീ പരിപാടികൾ പുതിയതായി ആവിഷ്കരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നടപ്പാക്കിയ 'കേരള ബ്ലോഗ് എക്സ് പ്രസ്' എന്ന പരിപാടിയുടെ വിജയം മുൻനിർത്തി ഈ പ്രചരണ പരിപാടി ഈ വർഷവും തുടരുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ടൂറിസം മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) യും സി) യും | ടൂറിസം വികസനത്തിനുവേണ്ടി വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ, റോഡ് ഷോകളും B2B മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. 'കേരള ടൂറിസം' എന്ന ബ്രാൻഡിന്റെ മാർക്കറ്റിംഗിനായി മുൻ പിരിവിലെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രചരണ പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. |
| സി) | ടൂറിസം മാർക്കറ്റിംഗ് വിപുലപ്പെടുത്തി കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ